**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **02-02-2024 - ൽ മറുപടിയ്ക്ക്**

**പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്കായി വാങ്ങിയ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസുകൾ കിഫ്ബി വായ്പയെടുത്താണോ വാങ്ങിയതെന്ന് വ്യക്തമാക്കാമോ; എത്ര രൂപയാണ് വായ്പയെടുത്തതെന്നും വായ്പയുടെ പലിശനിരക്ക് എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്കായി വാങ്ങിയ പി.എം.ഐ. കമ്പനിയുടെ നിലവിലെ 50 ഇലക്ട്രിക് ബസുകൾ 46.22 കോടി രൂപ കിഫ്ബി വായ്പയിലാണ് വാങ്ങിയത്; വായ്പയുടെ പലിശനിരക്ക് 4 ശതമാനമാണ്. |
| (ബി) | പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസുകൾ ഒരു ഫുൾ ചാർജ്ജ് ചെയ്യാൻ എത്ര യൂണിറ്റ് വൈദ്യുതി വേണമെന്നും ഒരു ചാർജ്ജിൽ ശരാശരി എത്ര കിലോമീറ്റർ ഓടിക്കാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസുകൾ ഒരു ഫുൾ ചാർജ്ജ് ചെയ്യാൻ 30 ശതമാനത്തിൽ നിന്ന് 100 ശതമാനത്തിൽ എത്തുന്നതിന് ശരാശരി 98 kWh (യൂണിറ്റ്) ആവശ്യമാണ്.<br>ഒരു ചാർജ്ജിൽ ശരാശരി 140 കിലോമീറ്റർ ഓടിക്കാൻ കഴിയുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസുകൾക്ക് എത്ര വർഷമാണ് കമ്പനി വാറണ്ടി നൽകിയിട്ടുള്ളതെന്നും എത്ര വർഷത്തെ മെയിന്റനൻസ് സപ്പോർട്ടാണ് ഉറപ്പ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസുകൾക്ക് രണ്ട് വർഷമാണ് കമ്പനി വാറണ്ടി നൽകിയിട്ടുള്ളത്. രണ്ട് വർഷത്തെ വാറണ്ടിയ്ക്ക് ശേഷമുള്ള അഞ്ച് വർഷത്തെ മെയിന്റനൻസ് സപ്പോർട്ടാണ് ഇലക്ട്രിക്കൽ ഭാഗങ്ങൾക്ക് ഉറപ്പ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ